പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6642

9/07/2014-ൽ
മറുപടിക്ക്

## കശുവണ്ടി വ്യവസായ സംരക്ഷണത്തിന വേണ്ടി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കശുവണ്ടി വ്യവസായ സംരക്ഷണത്തിനവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആധുനിക പാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപയും , കശുവണ്ടി ഫാക്ടറി ഷെഡുകൾ നവീകരിക്കുന്നതിനായി 5.50 കോടി രൂപയും കശുവണ്ടി വ്യവസായ പുനരുജ്ജീവനത്തിനായി 20 കോടി രൂപയും കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2 കോടി 75 ലക്ഷം രൂപയും ഉൾപ്പടെ 28.75 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2012-13 സാമ്പത്തിക വർഷം മോഡേണൈസേഷൻ ഓഫ് കാഷ്യൂ സെക്ടർ (ബ്രാൻഡ് ബിൽഡിംഗ് ഉൾപ്പടെ കശുവണ്ടി വ്യവസായത്തിന്റെ ആധുനീകരണം) ഇനത്തിൽ 37.90 കോടി രൂപ കോർപ്പറേഷന് അനുവദിച്ച നൽകിയിട്ടുള്ളതാണ്. |

2013-14 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന് ഭാഗീക യന്ത്രവൽക്കരണത്തിനും ആധുനീക വത്ക്കരണത്തിനുമായി 40.70 കോടി രൂപയും സി.ഡി.സി ബ്രാൻഡ് ബിൽഡിംഗിനായി 1 കോടി രൂപയും ഉൾപ്പെടെ ആകെ 41.70 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് പുറമെ കശുവണ്ടി സംഭരണത്തിനായി 20 കോടി രൂപ വായ്പയായും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭാഗീക യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായി 28 കോടി രൂപയും, സി.ഡി.സി. ബ്രാൻഡ് പ്രൊമോഷനായി 2 കോടി രൂപയും ഉൾപ്പെടെ ആകെ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കശുവണ്ടി രംഗത്ത് പ്രവർത്തിക്കുന്ന അപ്പെക്സ് സഹകരണ സംഘമായ കാപെക്സിന് 2011-12 സാമ്പത്തിക വർഷം അപ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് & മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി ഇനത്തിൽ 1.75 കോടി രൂപയും, മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി ഇനത്തിൽ 2.00 കോടി രൂപയും റിജുവനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രിക്കായി 15.00 കോടി രൂപയും ഉൾപ്പെടെ ആകെ 18.75 കോടി രൂപ അനുവദിച്ചു നൽകി.

2012-13 സാമ്പത്തിക വർഷം കാപെക്സിന് മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി സെക്ടർ ബ്രാൻഡ് ബിൽഡിംഗ് ഉൾപ്പെടെ 23 കോടി രൂപ അനുവദിച്ചു നൽകി.

2013-14 സാമ്പത്തിക വർഷം ബ്രാൻഡ് ബിൽഡിംഗ് & മാർക്കറ്റ് അവേയർനസ് ഇൻ ഇൻഡ്യ & ഇന്റർ നാഷണൽ മാർക്കറ്റ് എന്ന

| | |
|---|---|
| | പദ്ധതിക്ക് 1.00 കോടി രൂപയും മോഡേണൈസേഷൻ & പാർഷ്യൽ മെക്കനൈസേഷൻ ഓഫ് കാഷ്യു ഫാക്ടറീസ് ഓഫ് കാപെക്സിന് 24.30 കോടി രൂപ ഉൾപ്പെടെ ആകെ 25.30 കോടി രൂപ അനുവദിച്ചു നൽകി.<br><br>2014-15 സാമ്പത്തിക വർഷം കാപെക്സിന് ബ്രാൻഡ് ബിൽഡിംഗ് & മാർക്കറ്റ് അവേർനസിന് 2.00 കോടി രൂപയും മോഡേണൈസേഷൻ & പാർഷ്യൽ മെക്കനൈസേഷൻ ഓഫ് ഫാക്ടറീസിന് 18.00 കോടി രൂപയും ഉൾപ്പെടെ ആകെ 20.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ നാടൻ തോട്ടണ്ടിയുടെ ലഭ്യത കൂട്ടുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി വഴി കശുമാവ് കൃഷി വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇതിനായി 2012-13 ൽ 4.1 കോടി രൂപയും 2013-14 ൽ 4.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 ലെ ബഡ്ജറ്റിൽ 4.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി)കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ബഡ്ജറ്റിൽ 2011-12 മുതൽ 2013-14 വരെ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വികസന ഏജൻസിക്ക് നൽകിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |

Bnaden

സെക്ഷൻ ഓഫീസർ